Reg. No. : ....................................

Name : .......................................

**Code No. 7002**

**Second Year – JUNE 2017**
**SAY/IMPROVEMENT**

Time : $2\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II

# മലയാളം

## (MALAYALAM)

Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. Light is like water എന്ന ഗബ്രിയേൽ ഗാർസ്യാ മാർക്വെസിന്റെ രചന മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?

   (സാറാ ജോസഫ്, ബി.എം. സുഹറ, പി. വൽസല, ചന്ദ്രമതി)

2. അയ്യപ്പപ്പണിക്കരുടെ 'മോഷണം' എന്ന കവിതയുമായി ബന്ധപ്പെടുത്തി പറയാവുന്ന രസം

   (വീരം, ശാന്തം, ഹാസ്യം, ഭയാനകം)

3. കുലടയായ നീ വന്നെന്നോടു കുലീനയെ
ന്നലസാലാപം ചെയ്തതഖിലമലമലം

‘കുലട’ എന്ന് വിശേഷിപ്പിച്ചതാരെയാണ് ?
(ശകുന്തളയെ, ദമയന്തിയെ, അടിച്ചുതളിക്കാരിയെ, കേശിനിയെ)

**(സ്കോർ : 3 × 1 = 3)**

**വിട്ടഭാഗം പൂരിപ്പിക്കുക.**

4. അന്നവസ്ത്രാദിമുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ

ശ്രീ നാരായണഗുരുവിന്റെ __________ എന്ന കൃതിയിൽ നിന്നെടുത്ത വരികളാണിത്.

5. നളന് കാർക്കോടകൻ നിർദ്ദേശിച്ച പേര് __________ എന്നാണ്.

6. മറിയക്കുട്ടിയുടെ കത്ത് എന്ന കൃതി എഴുതിയത് __________ ആണ്.

**(സ്കോർ : 3 × 1 = 3)**

**ചേരുംപടി ചേർക്കുക.**

| | | |
|---|---|---|
| 7. | അഗ്നി | എസ്. കെ. പൊറ്റെക്കാട് |
| 8. | ചിന്താരാമൻ | പി. പത്മരാജൻ |
| 9. | നക്ഷത്രങ്ങളേ കാവൽ | കാവാലം നാരായണപ്പണിക്കർ |
| 10. | ജ്ഞാനപീഠം | എം. മുകുന്ദൻ |

**(സ്കോർ : 4 × 1 = 4)**

**പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുക.**

11. യമുന, ഗംഗ, സരസ്വതി എന്നീ മൂന്ന് നദികൾ കൂടിച്ചേരുന്ന ഇടത്തെ ഭക്തർ ത്രിവേണി സംഗമം എന്നു വിളിക്കുന്നു.

12. വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ ഒരു യാത്രവിവരണ കൃതിയാണ്. **(സ്കോർ : 2 × 1 = 2)**

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**

13. 'ആനപ്പുറത്ത് കയറി' എന്നതിനുപകരം ആനപുറത്തുകയറി എന്ന് പറഞ്ഞുപോയാൽ ഉണ്ടാകാവുന്ന അനർത്ഥം എത്ര ഭയങ്കരമായിരിക്കുമെന്ന് ആലോചിച്ച് നോക്കുക. (ഡോ. വി. ആർ. പ്രബോധ ചന്ദ്രൻ നായർ)

    ലേഖകൻ സൂചിപ്പിക്കുന്ന അനർത്ഥം വിശകലനം ചെയ്ത് മാധ്യമ ഭാഷയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. കുറവല്ലാതെ നമുക്കൊരു വസ്തു
    പറവാനില്ല ജനിച്ചേപ്പിന്നെ
    – സന്ദർഭം വിശദീകരിച്ച് ഇവിടെ ചിത്രീകരിക്കുന്ന ജീവിതാവസ്ഥ നിരൂപണം ചെയ്യുക.

15. ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസ്സുകളായിരുന്നു – എന്ന ഇ. സി. ജി. സുദർശന്റെ വാക്കുകളോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

16. ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന് വിളിക്കുന്നത് ഏത് തരം മാധ്യമങ്ങളെയാണ് ? എന്തുകൊണ്ടാണ് ആ വിളിപ്പേര് അതിന് ലഭിച്ചത് ?

17. 'ഇപ്പോഴത്തെ അവസ്ഥയിലും പത്രങ്ങൾക്ക് കുറേയധികം കാര്യങ്ങൾ ചെയ്യാൻ കഴിയും. അവയുടെ സ്വഭാവത്തിൽ കോർപറേറ്റൈസേഷന്റെ നീണ്ട പ്രക്രിയ പല പരിമിതികളും ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ചിലതെല്ലാം സാധിതമാണ്.'
    – മാധ്യമ പ്രവർത്തനത്തെക്കുറിച്ച് പി. സായ്നാഥ് പുലർത്തുന്ന ശുഭാപ്തി വിശ്വാസത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

18. കേശിനി നളനെക്കുറിച്ച് ദമയന്തിയോട് പറഞ്ഞ കാര്യങ്ങൾ ക്രോഡീകരിച്ചെഴുതുക.

**(സ്കോർസ് : 6 × 4 = 24)**

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

19. ബദരിയും പരിസരങ്ങളും എന്ന യാത്ര വിവരണത്തിൽ എസ്. കെ. പൊറ്റെക്കാട് പട്ടാളക്കാരെക്കുറിച്ച് അവതരിപ്പിക്കുന്ന സങ്കല്പം വിശദീകരിക്കുക.

20. നാടോടി രംഗകലാരൂപം എന്ന നിലയിൽ കാക്കാരശ്ശി നാടകത്തെ പരിചയപ്പെടുത്തുന്ന വിവരണം തയ്യാറാക്കുക.

21. 'നാടോടിയായ താളബോധമാണ് കിരാതവൃത്തത്തിന്റെ ജീവൻ' എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

22. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന ഫീച്ചറിനുള്ള രചനാപരമായ സവിശേഷതകൾ വിശദീകരിക്കുക. **(സ്കോർസ് : 4 × 5 = 20)**

**ഓരോന്നിനും ഒന്നരപ്പുറത്തിൽ ഉത്തരം എഴുതുക.**

23. 'അഞ്ചാം നിലയിലെ ഫ്ലാറ്റിൽ താമസിക്കുന്ന ടോട്ടോയും ജോവലും തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ പ്രകൃതി ഭാവനാത്മകമായി തിരിച്ചുപിടിക്കുന്നതിന്റെ കഥയാണ് 'പ്രകാശം ജലം പോലെയാണ്' എന്നത്.
ഈ വിശകലനത്തെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളും കെട്ടുപിണഞ്ഞുകിടക്കുന്ന കഥാഘടനയാണ് 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയ്ക്കുള്ളത് – പ്രസ്താവന വിശകലനം ചെയ്യുക.

24. കയ്പേറിയ അനുഭവങ്ങളിൽനിന്ന് ഉയർന്നുവന്ന ഒരു സംഗീത പ്രതിഭയാണ് കലാമണ്ഡലം ഹൈദരാലി എന്ന് 'പദത്തിന്റെ പഥത്തിൽ' എന്ന ആത്മകഥാഭാഗം സാക്ഷ്യപ്പെടുത്തുന്നു. ഈ നിരീക്ഷണത്തെ അടിസ്ഥാനമാക്കി പ്രസ്തുത രചനയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിൽ അധികാരത്തിന്റെ ജീർണ്ണതകളെ പ്രതീകാത്മകമായവതരിപ്പിക്കുന്നതിന് കാവാലം സ്വീകരിക്കുന്ന രചനാതന്ത്രങ്ങൾ ക്രോഡീകരിച്ചെഴുതുക.

25. ആക്ഷേപഹാസ്യത്തിന്റെ ജനകീയമായ ഒരു വഴി തുറക്കുന്നതിന് കുഞ്ചൻ നമ്പ്യാർ ഉപയോഗിച്ച രചനാശൈലിയുടെ പ്രത്യേകതകൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

'സ്ത്രൈണാനുഭവങ്ങളുടെ വൈവിധ്യമാർന്ന തലങ്ങൾ പരിചയപ്പെടുത്തുന്ന കഥയാണ് ഗൗളിജന്മം.' ഈ നിരീക്ഷണത്തെ വിമർശനാത്മകമായി വിലയിരുത്തുക.

**(സ്കോർസ് : 3 × 8 = 24)**

HSE - SAY 2017

II - Malayalam

7002

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 1 | | ചന്ദ്രമതി | 1 | 1 |
| 2 | | ഹാസ്യം | 1 | 1 |
| 3 | | ശകുന്തള | 1 | 1 |
| 4 | | ദൈവദശകം | 1 | 1 |
| 5 | | ബാഹുകൻ | 1 | 1 |
| 6 | | പുലിക്കോട്ടിൽ ഹൈദർ | 1 | 1 |
| 7 | | എം മുകുന്ദൻ | 1 | 1 |
| 8 | | കാവാലം നാരായണപ്പണിക്കർ | 1 | 1 |
| 9 | | പി പത്മരാജൻ | 1 | 1 |
| 10 | | എസ് കെ പൊറ്റക്കാട് | 1 | 1 |
| 11 | | ശരി | 1 | 1 |
| 12 | | തെറ്റ് | 1 | 1 |



Scanned by CamScanner

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 13 | | ആശയഘടന പരിശോധിച്ചിട്ടുണ്ട്. | 2 | 4 |
| | | ഭാഷാപരമായ പ്രത്യേകതകൾ. വിശദീകരിച്ചിട്ടുണ്ട്. [ചന്തഭാഷയുടെ] | 2 | |
| 14 | | പാഠസന്ദർഭം വിശദീകരിച്ചിട്ടുണ്ട് | 1 | 4 |
| | | നായികയുടെ മാനസികാവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. | 2 | |
| 15. | | മാതൃഭാഷാപഠനത്തിന്റെ സാധ്യത തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | 4 |
| | | ഇ.സി.ജി. സുദർശന്റെ അനുഭവങ്ങളോട് ചേർത്ത് ധാരണയുണ്ട് | 1 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് | 1 | |
| 16 | | സാമൂഹ്യമൂല്യങ്ങളെ | 1 | 4 |
| | | ലോകാർത്ത് ഉണർന്ന് ഉന്നത സങ്കല്പം മനസ്സിലാക്കിയിട്ടുണ്ട് | 1 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് | 2 | |
| 17 | | പാഠഭാഗം ഉൾക്കൊണ്ടിട്ടുണ്ട് | 2 | 4 |
| | | സ്വന്തം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. | 1 | |
| | | ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട് | 1 | |

| Qn. No | Sub Qns | Answer Key/Value Points | Score | Total |
| --- | --- | --- | --- | --- |
| 18 | | പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | 4 |
| | | ആശയങ്ങൾ ക്രോഡീകരിച്ചവതരിപ്പിച്ചിട്ടുണ്ട് | 1 | |
| | | ഉചിതമായ ഭാഷ | 2 | |
| 19 | | പടുക്കാരെക്കുറിച്ച് പറയുന്ന വസ്തുതകൾ മനസ്സിലാക്കിയിട്ടുണ്ട്. | 1 | 5 |
| | | പുതിയ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | 2 | |
| | | ഉചിതമായ ഭാഷ | 2 | |
| 20 | | കാക്കാരശ്ശിനാടകം - സാമാന്യമായി പരിചയപ്പെടുത്തിയിട്ടുണ്ട്. | 2 | 5 |
| | | നാടോടികലകളെക്കുറിച്ച് ധാരണയുണ്ട് | 1 | |
| | | അവതരണഭാഷ | 2 | |
| 21 | | കവിതയുടെ ആശയം മനസ്സിലാക്കിയിട്ടുണ്ട്. | 1 | 5 |
| | | കാവ്യഭാഷയെ ആശയബോധവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. | 2 | |
| | | ഉചിതമായ ഭാഷ | 2 | |
| 22 | | ചിത്രത്തിന്റെ രചനാപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് | 2 | 5. |
| | | പാഠഭാഗം വിശകലനം ചെയ്തിട്ടുണ്ട്. | 1 | |
| | | ഉചിതമായ ഭാഷ | 2 | |

## SECOND YEAR HIGHER SECONDARY EXAMINATION, MARCH 2017.

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 23 | A | കഥയുടെ ആശയം മനസ്സിലാക്കിയിട്ടുണ്ട്. | 3 | 8 |
| | | ഉചിതമായ ഭാഷ | 3 | |
| | | ഉപന്യാസത്തിന്റെ ഘടന | 2 | |
| | B | " | | (8) |
| 24 | A | ഉള്ളടക്കം മനസ്സിലാക്കിയിട്ടുണ്ട് | 3 | 8 |
| | | ഉചിതമായ ഭാഷ (ആസ്വാദനം) | 3 | |
| | | നിരീക്ഷണങ്ങൾ | 2 | |
| | B | നാടകത്തിന്റെ പ്രമേയം മനസ്സിലാക്കിയിട്ടുണ്ട് | 3 | (8) |
| | | രചനാതന്ത്രങ്ങൾ വിശദീകരിച്ചിട്ടുണ്ട് | 3 | |
| | | ഉചിതമായ ഭാഷ | 2 | |
| 25 | A | ആക്ഷേപഹാസ്യത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കിയിട്ടുണ്ട് | 2 | 8 |
| | | ഉള്ളടക്കം മനസ്സിലാക്കിയിട്ടുണ്ട് | 2 | |
| | | രചനാശൈലിയുടെ പ്രത്യേകതകൾ വിശദീകരിച്ചിട്ടുണ്ട് | 2 | |
| | | ഉചിതമായ ഭാഷ | 2 | |
| | B | ജൈവാനുഭവങ്ങൾ - വിശദീകരിച്ചിട്ടുണ്ട് | 3 | (8) |
| | | നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | 3 | |
| | | ഉചിതമായ ഭാഷ | 2 | |

Reg. No. : ...................................

Name : ......................................

**Code No. OS 7002**
**OLD SYLLABUS**

**Second Year SAY/Improvement**
**June 2017**

Time : 2½ Hours
Cool-off time : 15 Minutes

**Part – II**

# മലയാളം

## MALAYALAM

Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. വിശകലനക്കുറിപ്പ് തയ്യാറാക്കുക.
   - ആത്മ സുഹൃത്തുക്കൾ ഒരിക്കലും പരസ്പരം പണമിടപാട് നടത്തരുത്.
   - അവനവന്റെ നിലനില്പും രക്ഷയും നോക്കാതെ ഒരു പൈസയുടെ സഹായം പോലും ആർക്കും ചെയ്യരുത്.

   ഈ ഒരു ജീവിത പാഠത്തിലേക്ക് വിശ്വൻ കുണ്ടൂരിനെപ്പോലുള്ളവരെ എത്തിക്കുന്ന സാമൂഹിക സാഹചര്യങ്ങൾ വിശകലനം ചെയ്യുക. **(ഒരുപുറം – സ്കോർസ് : 8)**

2. അർത്ഥ സാധ്യതകൾ വിശകലനം ചെയ്യുക.
   'തിരസ്കാരം' എന്ന കവിതയിലെ കോഴി, കാക്ക എന്നീ പദങ്ങൾക്കുള്ള അർത്ഥ സാധ്യതകൾ വിശകലനം ചെയ്യുക. **(അരപ്പുറം – സ്കോർസ് : 6)**

3. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
   "പുഞ്ചിരി, ഹാ, കുലീനമാം കള്ളം:
   നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം"
   ഈ വരികൾ 'കുടിയൊഴിക്കൽ' എന്ന കവിതയുടെ തുടർന്നുള്ള വരികളിലെ ആശയവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പ് എഴുതുക. **(അരപ്പുറം – സ്കോർസ് : 6)**

4. ലഘു കുറിപ്പെഴുതുക.

'കല്ലുവെച്ച നുണകൾ' എന്ന കഥയിൽ നുണ, തമാശ എന്നീ പദങ്ങൾക്കുള്ള അർത്ഥപരമായ ബന്ധവും വ്യാപ്തിയും വിശദമാക്കി കുറിപ്പെഴുതുക. **(അരപ്പുറം – സ്കോർസ് : 6)**

5. പരിഭാഷപ്പെടുത്തുക.

(1) Don't talk much while you are eating.

(2) Who will bell the cat.

മുകളിൽ നല്കിയിരിക്കുന്ന വാക്യം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക. **(സ്കോർസ് : 2)**

6. സാധുത പരിശോധിക്കുക.

'ദാരിദ്ര്യമാണ് പഥേർ പാഞ്ചാലിയിലെ മുഖ്യ പ്രമേയം; മോഷണവും രോഗവും മരണവുമെല്ലാം അതിന്റെ അനുബന്ധ ഘടകം മാത്രം.' പഥേർ പാഞ്ചാലിയിലെ ഒന്നിലധികം രംഗങ്ങളെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ സാധുത വിശകലനം ചെയ്യുക. **(ഒരുപുറം – സ്കോർസ് : 8)**

7. ആമുഖ പ്രഭാഷണം തയ്യാറാക്കുക.

'പൂരക്കളി'യെക്കുറിച്ചുള്ള ചില വിവരങ്ങൾ താഴെ കൊടുക്കുന്നു. അവ പ്രയോജനപ്പെടുത്തി 'പൂരക്കളി'യുടെ പ്രാധാന്യത്തെക്കുറിച്ച് ആമുഖ പ്രഭാഷണം തയ്യാറാക്കുക.

**സൂചനകൾ :**

- കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഒരു കലാരൂപം.
- ഒരു കാലത്ത് അവർണരെന്നു ഗണിക്കപ്പെട്ടവരുടെ കലാരൂപം.
- പൂരവേലയും മറുത്തുകളിയുമായും ബന്ധം.
- മറ്റു സ്ഥലങ്ങളിലെ പൂരവുമായി ഇതിനു ബന്ധമില്ല.
- കല എന്ന നിലയ്ക്ക് സമൂഹത്തെ ഒന്നിപ്പിക്കുന്നതിൽ പൂരക്കളിക്ക് പങ്കുണ്ട്.

**(ഒരുപുറം – സ്കോർസ് : 8)**

8. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

"സ്നേഹത്താൽ നിത്യം തടം നനപ്പിൻ; ദയാ-
ദോഹളം നല്കുവിൻ പൂവിനെല്ലാം"

കവിയുടെ ഈ ആഹ്വാനത്തിന്റെ ആശയം കണ്ടെത്തി, സമകാലിക സമൂഹത്തിൽ കാണുന്ന പ്രവണതകൾ ഇതിനനുകൂലമാണോ എന്ന് പ്രതികരിക്കുക.

**(അരപ്പുറം – സ്കോർസ് : 6)**

9. കുറിപ്പെഴുതുക.

'ഹിഗ്വിറ്റ' എന്ന കഥയിലെ 'ലൂസി' എന്ന കഥാപാത്രം പീഡിത സ്ത്രീത്വത്തിന്റെ പ്രതീകമാണ്. ഈ അഭിപ്രായത്തിന്റെ സാധുത കഥയിലെ സൂചനകൾ വിശകലനം ചെയ്ത് സമർത്ഥിക്കുക. സമകാലിക സമൂഹത്തിലെ പ്രവണതകളുമായി ബന്ധപ്പെടുത്തി വിശദീകരിക്കുകയും വേണം. **(ഒരുപുറം – സ്കോർസ് : 8)**

10. നിരൂപണം തയ്യാറാക്കുക.

ആരാണ് നല്ല മനുഷ്യൻ എന്ന അന്വേഷണത്തിന്റെ ഉത്തരമായിരുന്നു 'ബഷീർ ദ മാൻ'
– എം. എ. റഹ്മാൻ

സംവിധായകന്റെ ഈ അഭിപ്രായത്തോട് 'ബഷീർ ദ മാൻ' എന്ന ഡോക്യുമെന്ററി നീതി പുലർത്തുന്നുണ്ടോ ? ബഷീർ എന്ന വ്യക്തിയേയും എഴുത്തുകാരനേയും ചിത്രീകരിക്കുന്നതിൽ സംവിധായകൻ വിജയിച്ചിട്ടുണ്ടോ ? വിമർശനബുദ്ധ്യാ നിരൂപിക്കുക.

**(ഒരുപുറം – സ്കോർസ് : 8)**

11. പട്ടിക പൂർത്തിയാക്കുക.

താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ നിന്ന് ആവശ്യമുള്ളവ മാത്രം എടുത്ത് യോജിച്ച കളത്തിൽ എഴുതി പട്ടിക പൂർത്തിയാക്കുക :

- ഭാഷ ആർജ്ജിതശേഷിയാണ്.
- ശരിയും തെറ്റും നിർണ്ണയിക്കുന്ന കാര്യം വ്യക്തിക്കു വിടുന്നു.
- എഴുത്തു ഭാഷയുടെ അടിസ്ഥാനത്തിൽ വ്യാകരണ രചന.
- ശരിയും തെറ്റും നിർണ്ണയിക്കുന്ന കാര്യം സമൂഹത്തിനു വിടുന്നു.
- നാം എങ്ങനെ എഴുതുകയും പറയുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നില്ല.
- ശരിയായ ഭാഷാ പ്രയോഗങ്ങൾ ലക്ഷ്യമാക്കി വ്യവസ്ഥകൾ നിർദ്ദേശിക്കുന്നു.
- നാം എന്താണ് പറയുന്നത് എന്നു നോക്കി അതു വിവരിക്കുന്നു.

ഉദാ:

| പരമ്പരാഗത വ്യാകരണം | വിവരണാത്മക വ്യാകരണം |
|---|---|
| • നാം എങ്ങനെ എഴുതുകയും പറയുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. | • |
| • | • |
| • | • |
| • | • സംസാര ഭാഷയുടെ അടിസ്ഥാനത്തിൽ വ്യാകരണ രചന |

**(സ്കോർസ് : 6)**

12. പ്രബന്ധം തയ്യാറാക്കുക.

'കേരളം മൊബൈൽ ഫോണിന്റെ സ്വന്തം നാട് ' എന്ന വിഷയവുമായി ബന്ധപ്പെട്ട് നടക്കുന്ന സെമിനാറിൽ അവതരിപ്പിക്കാൻ പ്രബന്ധം തയ്യാറാക്കുക.

താഴെ കൊടുത്തിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്താം.

**സൂചനകൾ :**

- ഫോണിന്റെ ഉപയോഗം ഇന്ത്യൻ ശരാശരിയേക്കാൾ വളരെ കൂടുതൽ.
- മൂന്നിൽ രണ്ടുപേർക്ക് ഒന്നിൽ കൂടുതൽ മൊബൈൽ ഫോൺ.
- വിവരസാങ്കേതിക രംഗത്തെ പുത്തൻ വിപ്ലവം.
- മനുഷ്യനെ കൂടുതൽ അടുപ്പിക്കുന്നു.
- ആവശ്യകതയും ഉപയോഗവും തമ്മിൽ പൊരുത്തമില്ല.
- ദുരുപയോഗം കൂടുതൽ.
- സാമ്പത്തിക ഭാരം. **(ഒരുപുറം – സ്കോർസ് : 8)**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH / MAY 2014**
**(Scheme of Valuation)**

**Subject:** Part. II Malayalam **Code No:** [illegible] SA 7 2017

OS 7002

| Qn.No | Scoring Indicators | Split Score | Total Score |
|---|---|---|---|
| 1. | • കഥയിൽ പ്രതിഫലിക്കുന്ന സാമൂഹ്യപ്രശ്നം തിരിച്ചറിയുന്നതിന്<br>• സ്വന്തം നിഗമനങ്ങൾ എഴുതുന്നതിന്<br>• ആനുകാലിക സന്ദർഭങ്ങളും അവസ്ഥകളും ഉദാഹരിക്കുന്നതിന്<br>• ഭാഷാപരമായ മികവിന് | 4<br>2<br>1<br>1 | 8 |
| 2. | • പദങ്ങളുടെ അർത്ഥം കണ്ടെത്തി തിരിച്ചറിയുന്നതിന്<br>• അർത്ഥം വിശകലനം ചെയ്യുന്നതിന്<br>• ഭാഷാപരമായ മികവിന് | 3<br>2<br>1 | 6 |
| 3 | • വരികളുടെ ആശയം കണ്ടെത്തുന്നതിന്<br>• കവിതയുടെ അർത്ഥതലം തിരിച്ചറിയുന്നതിന്<br>• ആശയം വിശകലനം ചെയ്ത് ആസ്വാദനം നടത്തുന്നതിന് | 2<br>2<br>2 | 6 |
| 4 | • പദങ്ങളുടെ അർത്ഥപരമായ ബന്ധം കണ്ടെത്തുന്നതിന്<br>• അർത്ഥപരമായ വ്യാപ്തി വിശദമാക്കുന്നതിന്<br>• ഭാഷാപരമായ മികവിന് | 3<br>2<br>1 | 6 |
| 5. | • ഉചിതമായ ഭാഷ കണ്ടെത്തി പരിഭാഷപ്പെടുത്തുന്നതിന് | 1+1 | 2 |
| 6 | • ഉചിത രംഗങ്ങൾ കണ്ടെത്തുന്നതിന്<br>• പ്രസ്താവനയുമായി ബന്ധിപ്പിച്ച് സാധുത വിശദമാക്കുന്നതിന്<br>• ഭാഷാപരമായ മികവിന് | 4<br>3<br>1 | 8 |
| 7 | • സൂചനകൾ വികസിപ്പിച്ച് ആശയം ക്രോഡീകരിക്കുന്നതിന്<br>• ഉചിതമായ വ്യവഹാര രൂപത്തിൽ അവതരിപ്പിക്കുന്നതിന്<br>• കലയുടെ പ്രാധാന്യം വിശദീകരിക്കുന്നതിന് | 4<br>2<br>2 | 8 |

| Qn.No | Scoring Indicators | Split Score | Total Score |
|---|---|---|---|
| 8 | • വരികളുടെ ആശയം കണ്ടെത്തുന്നതിന് | 3 | 6 |
| | • സമകാലിക സമൂഹത്തിലെ പ്രവണതകളുമായി ബന്ധിപ്പിക്കുന്നതിന് | 2 | |
| | • ഭാഷാപരമായ മികവിന്. | 1 | |
| 9 | • കഥയിലെ സൂചനകൾ കണ്ടെത്തുന്നതിന് | 4 | 8 |
| | • സമകാലിക പ്രവണതകളുമായി ബന്ധിപ്പിക്കുന്നതിന് | 2 | |
| | • സൂചനകൾ വിശകലനം ചെയ്ത് സമർത്ഥിക്കുന്നതിന് | 2 | |
| 10 | • വസ്തുതകൾ കണ്ടെത്തി അവതരിപ്പിക്കുന്നതിന് | 4 | 8 |
| | • ഉദാഹരണ സഹിതം സമർത്ഥിക്കുന്നതിന് | 2 | |
| | • ഭാഷാപരമായ മികവിന് | 2 | |
| 11 | • ഉചിതമായ വാക്യം കണ്ടെത്തി എഴുതുന്നതിന് | 4 | 6 |
| | • തരംതിരിച്ച് എഴുതുന്നതിന്. | 2 | |
| 12 | • സൂചനകൾ വികസിപ്പിച്ച് ആശയം രൂപീകരിക്കുന്നതിന് | 5 | 8. |
| | • ഉചിതമായ വ്യവഹാര രൂപത്തിൽ ആവിഷ്കരിക്കുന്നതിന്. | 3 | |
| | | | |

Reg. No. : ....................................

Name : .......................................

**Code No. 7062**

**Second Year – SAY/IMPROVEMENT**
**JUNE 2017**

Time : 2½ Hours
Cool-off time : 15 Minutes

**Part – II**

# മലയാളം

## MALAYALAM

Maximum : 80 Scores

**(ശ്രവണ വൈകല്യമുള്ളവർക്ക്)**

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. (ഒരു സ്കോർ വീതം)**

1. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകം രചിച്ചതാര്?
   (കാവാലം നാരായണപ്പണിക്കർ, ജി. ശങ്കരപ്പിള്ള, ശ്രീകണ്ഠൻ നായർ, വയലാ വാസുദേവൻ പിള്ള)

2. 'കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം നന്നെന്നു' നിരൂപിക്കുന്നതാര്?
   (സുന്ദരന്മാർ, വിരൂപന്മാർ, പണ്ഡിതന്മാർ, അസൂയാലുക്കൾ)

3. സച്ചിൻ ടെണ്ടുൽക്കർ അവസാനമായി കളിച്ച അന്താരാഷ്ട്ര മത്സരം ഏതു രാജ്യവുമായിട്ടായിരുന്നു ?
   (വെസ്റ്റിൻഡീസ്, ആസ്ട്രേലിയ, ഇംഗ്ലണ്ട്, സൗത്ത് ആഫ്രിക്ക)

4. "കഷ്ടം തന്നെ ! സത്യം ഇത്ര നിർദ്ദയമായി പറയാമോ ? ഒരു മയമൊക്കെ വേണ്ടായോ ?"
– ആരാണിങ്ങനെ പറഞ്ഞത് ?

(പെൺഗൗളി, സന്ദർശക, ആൺഗൗളി, ചെറുപ്പക്കാരി)

5. 'പരഭൃതം' എന്ന പദത്തിന്റെ അർത്ഥമെന്ത് ?
(കാകൻ, പരുന്ത്, മൂങ്ങ, കുയിൽ) **(സ്കോർസ് : 5 × 1 = 5)**

**ചേരുംപടി ചേർത്തെഴുതുക. (ഒരു സ്കോർ വീതം)**

6. മാർക്വെസ് – സൈബർ നോവൽ

7. എസ്. എ. ജലിൽ – ഗൗളിജന്മം

8. ഗ്രേസി – ദുബായ് കത്ത്പാട്ട്

9. നൃത്തം – നവസാമൂഹിക മാധ്യമങ്ങൾ

10. ഫിഫ്ത്ത് എസ്റ്റേറ്റ് – ഗാബോ **(സ്കോർസ് : 5 × 1 = 5)**

**കൂട്ടത്തിൽപ്പെടാത്തത് എടുത്തെഴുതുക.**

11. ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ, കോലം തുള്ളൽ, ഓട്ടൻതുള്ളൽ

12. ദിവാകരൻ, ചിന്താരാമൻ, കേവലരാമൻ, രാജഗുരു

13. കാട്ജിനെ ഇന്ത്യാസ്, ടോട്ടോ, മാഡ്രിഡ്, അഗ്നി

14. മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു, കോഴി, മിശ്രതാളം, മാജിക്കൽ റിയലിസം

**(സ്കോർസ് : 4 × 1 = 4)**

**ശരിയോ തെറ്റോ എന്ന് കണ്ടെത്തി എഴുതുക.**

15. 'വാംഖഡെ സ്റ്റേഡിയത്തിലെ പവലിയനിലേയ്ക്കുള്ള ഓരോ പടവു കയറുമ്പോഴും ഇനിയൊരു തിരിച്ചിറക്കമില്ല എന്ന വസ്തുത സച്ചിനെ വേദനിപ്പിച്ചിരിക്കും.'

16. ഇന്ത്യനതിർത്തിയിലെ ഏറ്റവും ഒടുവിലത്തെ ഗ്രാമമാണ് 'മാനാഗ്രാമം'.

**(സ്കോർസ് : 2 × 1 = 2)**

17. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഉചിതമായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

(കിളിപ്പാട്ട് സാഹിത്യം, ആട്ടക്കഥാ സാഹിത്യം, കിളിപ്പാട്ട് വൃത്തം, നളചരിതം)

| എഴുത്തച്ഛൻ | ഉണ്ണായിവാര്യർ |
| --- | --- |
| • | • |
| • | • |

**(സ്കോർസ് : 2 × 2 = 4)**

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (ഏതെങ്കിലും ആറെണ്ണത്തിന്)**

18. തനതു നാടകം എന്നാലെന്ത് ?

19. ബഹുജന മാധ്യമത്തിന്റെ ലക്ഷ്യമെന്ത് ?

20. ദേവസ്യയ്ക്ക് ചിരി അടങ്ങാതെ പോയതെന്തുകൊണ്ട് ?

21. സെക്സ്റ്റന്റ്, കോമ്പസ് ഇവ കൊണ്ടുള്ള പ്രയോജനമെന്ത് ?

22. "ഒരു കടയിൽ കണ്ടത്, വേറൊരു കടയിൽ കാണുകയില്ലല്ലോ ? അല്ലേ ?" – എന്ന ചോദ്യത്തിന് കടക്കാരൻ നല്കിയ മറുപടിയെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

23. അലൂമിനിയം ക്യാമ്പുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ?

24. കേശിനി ഒളിഞ്ഞു നിന്നു കണ്ട ബാഹുകന്റെ പ്രവൃത്തികൾ എന്തെല്ലാം ?

**(സ്കോർസ് : 6 × 4 = 24)**

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഏതെങ്കിലും നാലെണ്ണത്തിന്)**

25. 'നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം' എന്നു ശകുന്തള പറയാനിടയായ സാഹചര്യത്തെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.

26. കമ്പ്യൂട്ടറും ഇന്റർനെറ്റും ശ്രീധരന്റെ ദിനചര്യയിലും വിശ്വാസത്തിലും വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?

27. ഹൈദരലിയുടെ മനസ്സ് വേദനിക്കാനുണ്ടായ കാരണമെന്ത് ?

28. പടയണിയുടെ സവിശേഷതകളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

29. "ഈ ജന്മത്തിൽ ഞാൻ മേൽക്കൂര താങ്ങുന്ന ഒരു ഗൗളിയായതെങ്ങനെ'യെന്ന് ആൺഗൗളി തിരിച്ചറിഞ്ഞതെങ്ങനെ ?

**(സ്കോർസ് : 4 × 5 = 20)**

**ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

30. (a) സഞ്ചാര സാഹിത്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ? എസ്. കെ. പൊറ്റെക്കാട്ടിന്റെയും എം. പി. വീരേന്ദ്രകുമാറിന്റെയും രചനകളിൽ അവ വ്യക്തമാകുന്നുണ്ടോ ? പാഠഭാഗങ്ങളെ താരതമ്യം ചെയ്തു വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) കടമ്മനിട്ടയുടെ 'കിരാതവൃത്ത'ത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

31. (a) 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിലെ ആക്ഷേപഹാസ്യാംശത്തെപ്പറ്റി ലഘു പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(b) നവമാധ്യമങ്ങളുടെ ദുരുപയോഗം ഇന്ന് സമൂഹത്തിൽ വർദ്ധിച്ചുവരുന്നു. അവ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്. അവയെപ്പറ്റി സമൂഹത്തെ ബോധവല്ക്കരിക്കാനുതകുന്ന ഒരു പ്രഭാഷണം തയ്യാറാക്കുക.

**(സ്കോർസ് : 2 × 8 = 16)**

# SECOND YEAR HIGHER SECONDARY EXAMINATION, ~~MARCH~~ SAY 2017.

Part. II Malayalam. (For the Hearing Impaired & Special Schools) 7062

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 1 | | കാവാലം നാരായണ പണിക്കർ | 1 | 1 |
| 2. | | വിദൂഷകൻ | 1 | 1 |
| 3 | | വെങ്കിൻചിസ്. | 1 | 1 |
| 4 | | ചെണ്ടയാണ് | 1 | 1 |
| 5 | | കുയിൽ | 1 | 1 |
| 6 | | മാർക്വേസ് — ഗാബോ | 1 | 1 |
| 7 | | എസ്. എ. ജമീൽ — ദുബായ് കത്ത് പാട്ട്. | 1 | 1 |
| 8. | | ഗ്രേസി - ഗാനരൂപം. | 1 | 1 |
| 9 | | നൃത്തം — സൈബർ നോവൽ | 1 | 1 |
| 10 | | [illegible] — നവസാങ്കേതിക മാധ്യമങ്ങൾ | 1 | 1 |
| 11 | | കോലം തുള്ളൽ | 1 | 1 |
| 12 | | ദിവാകരൻ | 1 | 1 |
| 13 | | ഗൗരി | 1 | 1 |
| 14 | | മാജിക്കൽ റിയലിസം | 1 | 1 |
| 15 | | ശരി | 1 | 1 |
| 16 | | ശരി | 1 | 1 |
| 17. | | എഴുത്തച്ഛൻ<br>• കിളിപ്പാട്ട് സാഹിത്യം<br>• കിളിപ്പാട്ട് വൃത്തം.<br>ഉണ്ണായി വാര്യർ<br>• ആട്ടക്കഥാസാഹിത്യം<br>• നളചരിതം. | 2<br>2 | 4. |
| 18 | | തനതു നാടകങ്ങളെ പറ്റിയുള്ള നിർവചനം.<br>സവിശേഷത എന്നിവ വിശദീകരിക്കുന്നു. | 2<br>2 | 4 |
| 19. | | ബഹുജന മാധ്യമം ഏതെന്ന് തിരിച്ചറിയുന്നു.<br>വർഗ്ഗീകരിക്കുന്നു.<br>ലക്ഷ്യം വിശദമാക്കുന്നതിന് | 1<br>1<br>2 | 4 |

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| 20 | | കവിത തിരിച്ചറിയുന്നതിന്<br>കാരണം കണ്ടെത്തി അവതരിപ്പിക്കുന്നതിന് | 1<br>3 | 4 |
| 21 | | പ്രയോജനം കണ്ടെത്തുന്നതിന്<br>അവ നല്ല ഭാഷയിൽ വിശദമാക്കുന്നതിന് | 2<br>2 | 4 |
| 22 | | കടക്കാരൻ നൽകിയ മറുപടി കണ്ടെത്തുന്നതിന്<br>കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നതിന് | 2<br>2 | 4 |
| 23 | | [illegible] ഉപകരണങ്ങളുടെ പ്രയോജനം കണ്ടെത്തുന്നതിന്, അവ വിശദമാക്കി അവതരിപ്പിക്കുന്നതിന് | 2<br>2 | 4 |
| 24 | | മൊഴികൾ ആരെന്ന് ഉന്നയിക്കുന്നതിന്<br>[illegible] അവതരിപ്പിക്കുന്നതിന് | 2<br>2 | 4 |
| 25 | | കവിത എന്തെന്ന് ഉന്നയിക്കുന്നതിന്<br>സാഹചര്യം കണ്ടെത്തുന്നതിന്<br>നല്ല ഭാഷയിൽ അവതരിപ്പിക്കുന്നതിന് | 1<br>2<br>2 | 5 |
| 26 | | [illegible], ഇന്റർനെറ്റ് എന്തെന്ന് കണ്ടെത്തുന്നതിന്<br>ജീവിതത്തിൽ വരുന്ന മാറ്റങ്ങൾ കണ്ടെത്തി വിശദമാക്കുന്നതിന് | 2<br>3 | 5 |
| 27. | | പാഠഭാഗം കണ്ടെത്തുന്നതിന്<br>[illegible]യുടെ ഉന്നയിക്കുന്ന വേദന കണ്ടെത്തുന്നതിന്<br>വേദന ഭാഷ, [illegible] ഒരുക്കി അവതരിപ്പിക്കുന്നതിന് | 1<br>2<br>2 | 5 |
| 28 | | ചിട്ടകൾ എന്തെന്ന് കണ്ടെത്തുന്നതിന്<br>സവിശേഷതകൾ അവതരിപ്പിക്കുന്നതിന്<br>നല്ല ഭാഷയിൽ കുറിപ്പ് തയ്യാറാക്കുന്നതിന് | 1<br>3<br>1 | 5 |
| 29 | | പാഠഭാഗം ഉന്നയിക്കുന്നതിന്<br>കാരണം കണ്ടെത്തുന്നതിന്<br>അവ [illegible] ഒരുക്കി അവതരിപ്പിക്കുന്നതിന് | 1<br>2<br>2 | 5 |
| 30 | A) | സമൂഹമാധ്യമങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുന്നതിന്<br>പാഠഭാഗങ്ങൾ തമ്മിൽ താരതമ്യം ചെയ്യുന്നതിന്<br>നല്ല ഭാഷയിൽ, ഉപന്യാസരൂപത്തിൽ, അവതരണത്തിന് | 2<br>4<br>2 | 8 |

| Qn. No | Sub Qns | Answer Key/Value Points | Score | Total |
|---|---|---|---|---|
| | B) | കടമ്മനിട്ടയുടെ കാവ്യഭാഷയുടെ സവിശേഷത | 2 | (8) |
| | | തിരിച്ചറിയുന്നത്, ആശയാവതരണം നടത്തുന്നത് | 2 | |
| | | നിരീക്ഷണം, ഉദാഹരണങ്ങൾ, അവതരിപ്പിക്കുന്നത് | 4 | |
| 31 | A) | സിനിമയുടെ കാഴ്ചകളിലെ സവിശേഷതകൾ | 2 | 8. |
| | | തിരിച്ചറിയുന്നത്, ലക്ഷ്യബോധത്തോടെ നടത്തുന്നത് | 2 | |
| | | നിരീക്ഷണം, ഉദാഹരണങ്ങൾ, അവതരിപ്പിക്കുന്നത്. | 4 | |
| | B) | നവമാധ്യമങ്ങളുടെ ദുരുപയോഗം തിരിച്ചറിയുന്നത് | 2 | (8) |
| | | ബോധവൽക്കരണത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നത് | 4 | |
| | | നിരീക്ഷണം, ഉദാഹരണങ്ങൾ എന്നിവയ്ക്ക് | 2 | |
| | | Total | 80 | 80 |